## 730

ആശ്വാസമായെനിക്കേശുവുണ്ട്
ആശ്രയിപ്പാനവൻ കൂടെയുണ്ട്
ആകയാൽ ജീവിതഭാരമെനിക്കില്ല
ആകുലമൊന്നുമില്ല

1 കാൽവറി ക്രൂശിലെൻ ജീവനാഥൻ
കാൽകരമാണി തുളച്ച നേരം
എന്നെയാണോർത്തതെന്നോർക്കുമ്പോഴെന്നുള്ളം
കത്തുന്നു സ്നേഹാഗ്നിയാൽ-

2 സ്നേഹിച്ചു ജീവൻ വെടിഞ്ഞ നാഥൻ
സ്നേഹിച്ചിടുമെന്നെ നിത്യകാലം
തന്റെ ഹൃദയത്തിൽ വേദനയേകുന്നതൊന്നും
ഞാൻ ചെയ്തിടുമോ?-

3 സ്വന്തജനങ്ങൾ മറന്നിടിലും
എന്താപത്തായാലുമെന്നാളിലും
എന്നെക്കരുതുവാൻ കൈത്താങ്ങലേകുവാൻ
എന്നും മതിയായവൻ-

4 സർവ്വാംഗസുന്ദരൻ മാധുര്യവാൻ
നാവില്ലെനിക്കിന്നു വർണ്ണിക്കുവാൻ
നിത്യത പോരാ തൻ നിസ്തുല സ്നേഹത്തി-
ന്നാഴമളന്നിടുവാൻ- **M.E.C.**